പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 246 **29-10-2026-ൽ മറുപടിയ്ക്ക്**

വനിതാസൗഹൃദ ടൂറിസം പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. രമേഷ് പിഷാരടി

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീമതി കെ. കെ. രമ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വനിതകൾക്ക് സുരക്ഷിതവും സൗകര്യപ്രദവുമായ യാത്രാനുഭവം ഉറപ്പാക്കുന്നതിനായി വനിതാസൗഹൃദ ടൂറിസം പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; വിശദമാക്കാമോ;

മറുപടി: സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ സ്ത്രീസൗഹൃദവും സുരക്ഷിതവുമാക്കുന്നതിനും ടൂറിസം മേഖലയിലെ സ്ത്രീപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുമായി ടൂറിസം വകുപ്പ് സ്ത്രീ സൗഹൃദ വിനോദസഞ്ചാര പരിപാടികൾ നടപ്പിലാക്കിവരുന്നു. സ്ത്രീകൾക്ക് സുരക്ഷിതമായ യാത്രാനുഭവം ഉറപ്പാക്കുന്നതിനും സ്ത്രീകളുടെ നേതൃത്വത്തിലുള്ള ടൂറിസം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷാ സംവിധാനങ്ങൾ വിലയിരുത്തുന്നതിനായി സേഫ്റ്റി ഓഡിറ്റ് കൂടാതെ ടൂറിസം കേന്ദ്രങ്ങളിലെ ലിംഗസമത്വവും സ്ത്രീകളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സൗകര്യങ്ങളും വിലയിരുത്തുന്നതിനായി ജെൻഡർ ഓഡിറ്റ് നടത്തിയിട്ടുണ്ട്. സ്ത്രീകളുടെ നേതൃത്വത്തിലുള്ള ഹോംസ്റ്റേകൾ, ഭക്ഷണശാലകൾ, സുവനീർ നിർമ്മാണ യൂണിറ്റുകൾ, ടൂർ ഓപ്പറേഷൻ സംരംഭങ്ങൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നു. ഒറ്റയ്ക്കും ഗ്രൂപ്പുകളായും യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിതവും സൗകര്യപ്രദവുമായ യാത്രാനുഭവം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി ടൂർ ലീഡർമാർ, ടൂർ ഓപ്പറേറ്റർമാർ, ഡ്രൈവർമാർ, ഹോംസ്റ്റേ നടത്തിപ്പുകാർ, റസ്റ്റോറന്റ് സംരംഭകർ എന്നിവർക്കായി പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. യു.എൻ. വിമൺ ഇന്ത്യയുടെ സാങ്കേതിക സഹകരണത്തോടെ ഡെസ്റ്റിനേഷൻ സേഫ്റ്റി സ്റ്റഡി , ജെൻഡർ ഓഡിറ്റ് , POSH പരിശീലനം എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീകളുടെ നേതൃത്വത്തിൽ പ്രാദേശിക ടൂറിസം പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനും സ്ത്രീപങ്കാളിത്തം വർധിപ്പിക്കുന്നതിനുമായി വിമൻ ക്ലബ്ബുകൾ ഉൾപ്പടെ രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള ടൂറിസം സംരംഭങ്ങളിൽ ഭൂരിഭാഗവും സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ സ്ത്രീകൾ നയിക്കുന്നതോ ആണ്. ഇത്തരം പ്രവർത്തനങ്ങളിലൂടെ സ്ത്രീകൾക്ക് സുരക്ഷിതമായ യാത്രാസാഹചര്യങ്ങൾ ഉറപ്പാക്കുന്നതിനൊപ്പം ടൂറിസം

മേഖലയിലെ തൊഴിൽ, സംരംഭകത്വം, സാമ്പത്തിക സ്വയംപര്യാപ്തത, സാമൂഹിക ശാക്തീകരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

(ബി) വനിതകൾക്ക് മാത്രമായുള്ള പ്രത്യേക ടൂറിസം പാക്കേജുകൾ, വനിതാ കൂട്ടായ്മകൾക്കായുള്ള വിനോദയാത്രകൾ, സുരക്ഷിത താമസസൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

മറുപടി: വനിതകൾക്ക് മാത്രമായുള്ള പ്രത്യേക ടൂറിസം പാക്കേജുകൾ, വനിതാ കൂട്ടായ്മകൾക്കായുള്ള വിനോദയാത്രകൾ, സുരക്ഷിത താമസസൗകര്യങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് സ്വകാര്യ മേഖലയുമായി ചേർന്ന് സ്ത്രീ സൗഹൃദ വിനോദസഞ്ചാര പരിപാടികൾ നടപ്പിലാക്കി വരുന്നു.

ഇതിന്റെ ഭാഗമായി സ്ത്രീകൾ മാത്രം പങ്കെടുക്കുന്ന പ്രത്യേക ടൂർ പാക്കേജുകൾ, വനിതാ കൂട്ടായ്മകൾക്കായുള്ള യാത്രകൾ, സ്ത്രീകൾ നേതൃത്വം നൽകുന്ന ടൂർ യൂണിറ്റുകൾ, വനിതകൾ നടത്തുന്ന ഹോംസ്റ്റേകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ, വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സുരക്ഷാ ഓഡിറ്റുകൾ നടത്തുകയും സുരക്ഷാ മാർഗനിർദേശ ബോർഡുകൾ സ്ഥാപിക്കുക, നിരീക്ഷണ ക്യാമറകൾ ഒരുക്കുക, ശുചിത്വസൗ കര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

വനിതാ കൂട്ടായ്മകളെയും വനിതാ സംരംഭകരെയും ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് കൂടുതൽ തൊഴിൽ - ഉപജീവന അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

- ടൂറിസം മേഖലയിലെ വനിതാ സംരംഭകരെയും സ്ത്രീകൾ നേതൃത്വം നൽകുന്ന സ്ഥാപനങ്ങളെയും ടൂറിസം പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നു.
- വനിതാ സൗഹൃദ ടൂറിസം പാക്കേജുകൾക്ക് പ്രോത്സാഹനം നൽകുന്നു.
- കമ്മ്യൂണിറ്റി ടൂർ ലീഡർ, ടൂർ ഓപ്പറേറ്റർ, ഡ്രൈവർ തുടങ്ങിയ മേഖലകളിൽ സ്ത്രീകൾക്ക് പരിശീലനം നൽകി തൊഴിൽ നേടുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അവസരമൊരുക്കുന്നു.
- സ്ത്രീകൾ നേതൃത്വം നൽകുന്ന ഹോംസ്റ്റേകൾ, ഭക്ഷണശാലകൾ, പ്രാദേശിക ഭക്ഷ്യവസ്തുക്കളുടെ വിൽപ്പന തുടങ്ങിയ സംരംഭങ്ങളെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നു.
- വനിതാ കൂട്ടായ്മകൾ നിർമിക്കുന്ന കരകൗശല വസ്തുക്കൾ, സുവനീറുകൾ, പരമ്പരാഗത ഉൽപ്പന്നങ്ങൾ എന്നിവ വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനും വിപണനം ചെയ്യുന്നതിനും അവസരങ്ങൾ ഒരുക്കുന്നു.

വനിതാ കൂട്ടായ്മകളെയും വനിതാ സംരംഭകരെയും ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നതിലൂടെ സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം, വരുമാനം, സാമ്പത്തിക

സ്വയംപര്യാപ്തത എന്നിവ വർധിപ്പിക്കുകയാണ് ലക്ഷ്യം. സ്ത്രീകളുടെ നേതൃത്വത്തിലുള്ള സംരംഭങ്ങൾ വികസിപ്പിച്ച് പ്രാദേശിക സമൂഹത്തിന്റെ സാമ്പത്തിക ശാക്തീകരണവും സുസ്ഥിര ടൂറിസം വികസനവും ഉറപ്പാക്കുന്നതിനാണ് ഈ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നത്.

(സി) കുടുംബശ്രീ ഉൾപ്പെടെയുള്ള വനിതാ കൂട്ടായ്മകളെയും വനിതാ സംരംഭകരെയും ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് കൂടുതൽ തൊഴിൽ-ഉപജീവന അവസരങ്ങൾ സൃഷ്ടിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ